നമ്പർ. സി. പി. (2) 58643/2013

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 25/03/2015

## സർക്കുലർ നമ്പർ 16/15

വിഷയം: സഹകരണവകുപ്പ് – സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും എടുക്കുന്ന വായ്പകൾ വായ്പക്കാരറിയാതെ പുതുക്കുന്നത് – സംബന്ധിച്ച്.

സൂചന: സർക്കാരിന്റെ 19/12/13 – ലെ 1613/C2/12/സഹ. നം. കത്ത്

................

സംസ്ഥാനത്തെ സർവീസ് സഹകരണസംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക വായ്പ എടുക്കുകയും വായ്പ കാലാവധി പൂർത്തിയാകുമ്പോൾ പലിശ ഈടാക്കുകയും വായ്പക്കാരന്റെ വ്യക്തമായ നിർദ്ദേശമില്ലാതെ, ചില സഹകരണസംഘങ്ങൾ/ബാങ്കുകൾ അത്തരം വായ്പകൾ പുതുക്കി നൽകിയ കാരണത്താൽ കാർഷിക കടാശ്വാസ കമ്മീഷന്റെ കടാശ്വാസ പദ്ധതി ആനുകൂല്യങ്ങൾക്ക് അർഹത ലഭിക്കാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കാർഷിക വായ്പ ഉൾപ്പെടെയുള്ള വിവിധതരം വായ്പകൾ വായ്പക്കാരറിയാതെ പുതുക്കി നൽകുന്ന നടപടികൾ സഹകരണസംഘങ്ങൾ/ബാങ്കുകൾ സ്വീകരിക്കാൻ പാടില്ലെന്ന് നിർദ്ദേശിക്കുന്നു. ഇത്തരം നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ബാങ്കുകൾ/സംഘങ്ങൾക്കെതിരെ സഹകരണനിയമം അനുശാസിക്കുന്ന നടപടികൾ അതാത് ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

ഒപ്പ്
എസ്. ലളിതാംബിക ഐ. എ. എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

(1) എല്ലാ വായ്പ സഹകരണസംഘങ്ങൾ/ബാങ്കുകൾ
(2) ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർ
(3) അസി. രജിസ്ട്രാർ(ജനറൽ)മാർ
(4) വാല്യൂവേഷൻ ആഫീസർമാർ
(5) വെബ്സൈറ്റ്
(6) സഹകരണവീഥി
(7) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി. പി)